## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.942.** **04.03.2020 ൽ മറുപടിയ്ക്ക്**

## കൊണ്ടോട്ടിയിൽ എക്സൈസ് ഓഫീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന, കൈമാറ്റം എന്നിവ സംബന്ധിച്ച് പരാതികളും കേസ്സുകളും വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ; | (ബി) | ജില്ലകളിലും താലൂക്ക് കേന്ദ്രങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോളിംഗ് യൂണിറ്റ് എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന അതിർത്തി ചെക്ക് പോസ്റ്റുകളിൽ ശക്തമായ രീതിയിൽ വാഹന പരിശോധന നടത്തിവരുന്നു. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയുന്നതിനായി വ്യാപകമായ രീതിയിൽ ബോധവത്ക്കരണ പരിപാടികളും നടത്തിവരുന്നു. ലഹരി പദാർത്ഥങ്ങളുടെ വില്പനയും കൈമാറ്റവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. എക്സൈസ് ഷാഡോ സംവിധാനവും എക്സൈസ് ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു.<br><br>നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്ത് കടത്തിക്കൊണ്ട് വന്ന് വിൽപ്പന, കൈമാറ്റം എന്നിവ തടയുന്നതിനായി ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് യോഗങ്ങൾ സംഘടിപ്പിച്ച് വിവരങ്ങൾ പരസ്പരം കൈമാറി നടപടികൾ സ്വീകരിച്ചുവരുന്നു. തമിഴ്നാട്- |

| | | | |
|---|---|---|---|
| | | | കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു. |
| (സി) | ലഹരി സംബന്ധമായ കേസ്സുകൾ കൈകാര്യം ചെയ്യാൻ എക്സൈസ് ഉദ്യോഗസ്ഥരുടെയും, ഓഫീസുകളുടെയും കുറവ് പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | അബ്കാരി, എൻ.ഡി.പി.എസ്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും, ബോധവത്ക്കരണ പ്രവർത്തനങ്ങളും, വിമുക്തി പ്രവർത്തനങ്ങളും, ലൈസൻസ് സ്ഥാപനങ്ങളുടെ പരിശോധനകൾ, സ്കൂൾ/കോളേജ് തല ക്ലബ്ബുകളുടെ നിരീക്ഷണം, എസ്.സി./എസ്.ടി. കോളനി നിരീക്ഷണം, പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകൾ, കോടതികളുടെ കേസുകളുടെ നടത്തിപ്പുകൾ, അന്യസംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളുടെ പരിശോധന തുടങ്ങിയ പ്രവർത്തനങ്ങൾ നിലവിൽ ലഭ്യമായ ജീവനക്കാരെ വച്ച് നടത്തുന്നുണ്ട്. വർദ്ധിച്ചുവരുന്ന ജനസംഖ്യയുടെ അടിസ്ഥാനത്തിലും ലഹരി സംബന്ധമായ കേസുകളുടെ വർദ്ധനവും പരിഗണിച്ച് നിലവിലുള്ള സ്റ്റാഫ് പാറ്റേണും എക്സൈസ് ഓഫീസുകളുടെ എണ്ണവും കാലാനുസൃതമായി വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഈ സർക്കാർ ഇതുവരെ 260 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ വിമുക്തി മിഷനിൽ 31 തസ്തികകളും അധികമായി അനുവദിച്ചിട്ടുണ്ട്. |
| (ഡി) | മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി കേന്ദ്രീകരിച്ച് എക്സൈസ് ഓഫീസ് ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ